**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3252** **01-03-2023 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് യോഗ്യത നിബന്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ എത്ര കാലാവധിക്കുള്ളിലാണ് കെ-ടെറ്റ് യോഗ്യത നേടേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | 01.06.2012 മുതൽ 30.08.2016 വരെ പി.എസ്.സി വിജ്ഞാപനപ്രകാരം കെ-ടെറ്റ് യോഗ്യതയില്ലാതെ നിയമിതരായ സർക്കാർ സ്കൂൾ അദ്ധ്യാപകർക്കും, 01.06.2012 മുതൽ 31.03.2020 വരെ എയ്ഡഡ് സ്കൂളിൽ നിയമിതരായി കെ-ടെറ്റ് യോഗ്യതയില്ലാതെ തുടരുന്ന അദ്ധ്യാപകർക്കും, 17.02.2023 ലെ പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ സ.ഉ.(കൈ) നം.15/2023/പൊ.വി.വ ഉത്തരവ് പ്രകാരം 2023 ജൂൺ മാസം നടത്തുന്ന പ്രത്യേക പരീക്ഷ വരെ പ്രസ്തുത യോഗ്യത കരസ്ഥമാക്കുവാൻ സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | 31.03.2021-ന് ശേഷം കെ-ടെറ്റ് യോഗ്യത നേടിയ അദ്ധ്യാപകർക്ക് ഇൻക്രിമെന്റ് ലഭിക്കുവാനും പ്രൊബേഷൻ ഡിക്ലയർ ചെയ്യാനും തടസ്സം നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 17.02.2023 ലെ പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ സ.ഉ. (കൈ) നം.15/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ച സമയപരിധിക്കുള്ളിൽ യോഗ്യത കരസ്ഥമാക്കുന്നവർക്ക് കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം XIV A ചട്ടം 3 ൽ അനുശാസിക്കുന്ന തരത്തിൽ തന്നെ നിർദ്ദിഷ്ട യോഗ്യത ഉള്ളവരായി കണക്കാക്കി, പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നിവ അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ